# RRB NTPC Undergraduate 2025

## Undergraduate Level · CEN 07/2025 · CBT-2 · Question Paper

**Malayalam**

Complete Paper · 120 Questions · Official Answer Key

## About this Compilation

This booklet contains the complete question paper of the **RRB NTPC Undergraduate 2025 CBT-2** examination in **Malayalam**, with the correct option marked as per the official answer key.

✓ Correct option (highlighted green)

### How to use

- Use the **Index** page to jump directly to any set (clickable).
- Questions appear section by section in the order of the paper, numbered 1 onward.
- Diagram and wide-table questions appear at full width at the end of their section.
- The correct answer is highlighted in green with a tick.

### More from QMaths

Check your marks, normalized score and zone-wise rank free at **rank.qmaths.in**. Master English vocabulary with the **Blackbook** app.




*Toppers' Choice, Blackbook of English Vocabulary, Now available in App format : DOWNLOAD NOW*

# Index — All Sets (click to open)

Set 1 17 Sep 2026
9:30 AM - 11:00 AM

## General Awareness

50 Questions • Answer Key

**Q1** General Awareness

ഗാലപ്പുമായും UN സസ്റ്റൈനബിൾ ഡെവലപ്മെന്റ് സൊല്യൂഷൻസ് നെറ്റ്‌വർക്കുമായും (UN SDSN) സഹകരിച്ച് വേൾഡ് ഹാപ്പിനസ് റിപ്പോർട്ട് 2026 പ്രസിദ്ധീകരിച്ച സംഘടന ഏത്?

A. വേൾഡ് ഇക്കണോമിക് ഫോറം

B. വെൽ ബീയിംഗ് റിസർച്ച് സെന്റർ, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി ✓

C. ലോക ബാങ്ക്

D. ഓർഗനൈസേഷൻ ഫോർ ഇക്കണോമിക് കോ-ഓപ്പറേഷൻ ആൻഡ് ഡെവലപ്മെന്റ്

**Q2** General Awareness

റിന്യൂവബിൾ എനർജി സ്റ്റാറ്റിസ്റ്റിക്സ് 2026 അനുസരിച്ച്, സ്ഥാപിത പുനരുപയോഗ ഊർജ്ജ ശേഷിയിൽ ഇന്ത്യയുടെ ആഗോള റാങ്ക് എത്ര?

A. രണ്ടാമത്

B. നാലാമത്

C. അഞ്ചാമത്

D. മൂന്നാമത് ✓

**Q3** General Awareness

തെക്ക്, തെക്കുകിഴക്കൻ, കിഴക്കൻ ഏഷ്യ എന്നിവിടങ്ങളിലെ മൺസൂൺ പ്രദേശങ്ങളിൽ ചെയ്യാറുള്ള തീവ്ര ഉപജീവന കൃഷിയുടെ സ്വഭാവം ശരിയായി തിരിച്ചറിയാൻ സഹായിക്കുന്നത് തന്നിരിക്കുന്നവയിൽ ഏത്?

A. കൂടുതൽ മനുഷ്യശ്രമം ആവശ്യമായ ഒന്നിലധികം വിളകളുമുള്ള ചെറിയ കൃഷിയിടങ്ങൾ ✓

B. മാറ്റകൃഷിയുള്ള വിരള കൃഷിയിടങ്ങൾ, നീണ്ട തരിശുനിലങ്ങളും

C. കയറ്റുമതി വിളകളും കൂലിത്തൊഴിലാളികളും ഉള്ള വിശാലമായ തോട്ടങ്ങൾ

D. വിപുലമായ മേച്ചിൽ പ്രദേശങ്ങളും യന്ത്രവത്കരണവും ഉള്ള വലിയ കൃഷിയിടങ്ങൾ

**Q4** General Awareness

നിലവിലുള്ള ഒരു ദേശീയ പരിപാടിയിലൂടെ 2024 – 25-ൽ, സൈബർ സുരക്ഷയും ഡിജിറ്റൽ ക്ഷേമവും സ്കൂൾ വിദ്യാഭ്യാസവുമായി സംയോജിപ്പിച്ചതായി വിദ്യാഭ്യാസ മന്ത്രാലയം സ്ഥിരീകരിച്ചു. ഇതിൽ ഏത് പദ്ധതിക്ക് കീഴിലാണ് സൈബർ സുരക്ഷ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഘടനാപരമായ പ്രതിവാര സെഷനുകൾ നടത്താൻ ആരോഗ്യ-ക്ഷേമ അംബാസഡർമാരായി പരിശീലനം ലഭിച്ച ഓരോ സ്കൂളിലെയും രണ്ട് അധ്യാപകർ ഉൾപ്പെടുന്നത്?

A. സ്കൂൾ ഹെൽത്ത് & വെൽനസ് പ്രോഗ്രാം (SHWP) ✓

B. CBSE സൈബർ സുരക്ഷാ ഹാൻഡ്ബുക്ക്

C. NCERT-യുടെ സുരക്ഷിതമായ ഓൺലൈൻ പഠന കൈപ്പുസ്തകം

D. PRAGYATA ഡിജിറ്റൽ വിദ്യാഭ്യാസത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

**Q5** General Awareness

ഇന്ത്യയിൽ ഇരുമ്പിന്റെയും ഉരുക്കിന്റെയും നിർമ്മാണത്തിന് ഏറ്റവും അത്യാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ജോടി തന്നിരിക്കുന്നവയിൽ ഏത്?

A. ഇരുമ്പയിരും മാംഗനീസും

B. ചെമ്പ് അയിരും ജിപ്സവും

C. ബോക്സൈറ്റും ജിപ്സവും

D. ഇരുമ്പയിരും കൽക്കരിയും ✓

**Q6** General Awareness

ഇന്ത്യൻ രാഷ്ട്രീയത്തിൽ തീവ്രവാദികളുടെ ഉയർച്ചക്ക് അടിയന്തിര പ്രേരകമായ സംഭവം ഏത്?

A. ഇൽബർട്ട് ബിൽ വിവാദങ്ങൾ

B. ഒന്നാം ലോകമഹായുദ്ധം

C. ബംഗാൾ വിഭജനം ✓

D. മോർലി – മിന്റോ പരിഷ്കാരങ്ങൾ

Blackbook Vocabulary — Now in the App! ► Download Now on Google Play

**Q7** General Awareness

UPSC ചെയർമാനെയോ അംഗത്തേയോ നീക്കം ചെയ്യുന്നതിനുള്ള ഒരു അടിസ്ഥാനമല്ലാത്തത് തന്നിരിക്കുന്നവയിൽ ഏത്?

A. ഔദ്യോഗിക ചുമതലകൾക്ക് പുറത്ത് ശമ്പളത്തോടെ തൊഴിൽ ചെയ്യുക

B. പാപ്പരത്തം

C. വിദേശ പുരസ്കാരം സ്വീകരിക്കൽ ✓

D. മാനസികമോ ശാരീരികമോ ആയ വൈകല്യം

**Q8** General Awareness

ഷേർഷാ സൂറിയുടെ കീഴിൽ വികസിപ്പിച്ച റോഡ് ശൃംഖലയുടെ ഭരണപരമായ പ്രാധാന്യം തന്നിരിക്കുന്നവയിൽ ഏതാണ് മികച്ച രീതിയിൽ വിശദീകരിക്കുന്നത്?

A. കോസ് മിനാറുകളിൽ കൊറിയറുകൾ പ്രവർത്തിക്കുകയും റവന്യൂ ഓഫീസുകളായി പ്രവർത്തിക്കുകയും ചെയ്തു

B. ഡാക് ചൗക്കികൾ ധാന്യങ്ങൾ സംഭരിക്കുകയും മാർക്കറ്റ് സെന്ററുകളായി പ്രവർത്തിക്കുകയും ചെയ്തു.

C. സരായികൾ താമസസൗകര്യം നൽകുകയും ഡാക് ചൗക്കികൾ ആയി പ്രവർത്തിക്കുകയും ചെയ്തു ✓

D. സരായികൾ നികുതി ശേഖരിക്കുകയും സൈനിക കന്റോൺമെന്റുകളായി പ്രവർത്തിക്കുകയും ചെയ്തു

**Q9** General Awareness

ഇന്ത്യയിലെ മുനിസിപ്പാലിറ്റികൾക്ക് ഭരണഘടനാ പദവി നൽകിയത് ഏത് ഭരണഘടനാ ഭേദഗതി നിയമമാണ്?

A. 1992-ലെ 74-ാം ഭരണഘടനാ ഭേദഗതി നിയമം ✓

B. 1992-ലെ 73-ാം ഭരണഘടനാ ഭേദഗതി നിയമം

C. 1989-ലെ 61-ാം ഭരണഘടനാ ഭേദഗതി നിയമം

D. 2002-ലെ 86-ാം ഭരണഘടനാ ഭേദഗതി നിയമം

**Q10** General Awareness

പ്രധാനമായും മുതിർന്നവരും കുലീനന്മാരും അടങ്ങുന്ന വേദകാല സമ്മേളനം ഏത്?

A. സഭ ✓

B. വിദഥ

C. സമിതി

D. ഗണ

**Q11** General Awareness

ലോക്സഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കും നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ വോട്ട് ചെയ്യാനുള്ള പ്രായം കുറച്ച ഭരണഘടനാ ഭേദഗതി ഏത്?

A. 44-ാമത് ഭരണഘടനാ ഭേദഗതി നിയമം

B. 74-ാമത് ഭരണഘടനാ ഭേദഗതി നിയമം

C. 61-ാമത് ഭരണഘടനാ ഭേദഗതി നിയമം ✓

D. 52-ാമത് ഭരണഘടനാ ഭേദഗതി നിയമം

**Q12** General Awareness

ICC ചാമ്പ്യൻസ് ട്രോഫി ഏത് ചാക്രിക ഫോർമാറ്റിലാണ് സംഘടിപ്പിക്കുന്നത്?

A. ഓരോ 5 വർഷവും

B. ഓരോ 6 വർഷവും

C. ഓരോ 4 വർഷവും ✓

D. ഓരോ 2 വർഷവും

**Q13** General Awareness

ഇന്ത്യയുടെ ദേശീയ ബഹുമുഖ ദാരിദ്ര്യ സൂചിക(MPI)യിൽ അൽകിർ-ഫോസ്റ്റർ രീതിശാസ്ത്രത്തിലെ ഇരട്ട-പരിധി(Dual-cutoff) സമീപനം തിരഞ്ഞെടുക്കപ്പെട്ടത് എന്തുകൊണ്ടാണ്?

A. ഇത് വരുമാനത്തെ അടിസ്ഥാനമാക്കിയുള്ള ഗാർഹിക ദാരിദ്ര്യത്തിന്റെ രൂപങ്ങൾ മാത്രം അളക്കുന്നു

B. എല്ലാ സൂചകങ്ങൾക്കും ഒരു പൊതുവായ ദാരിദ്ര്യ പരിധി ഇത് ഉപയോഗിക്കുന്നു

C. ഇത് ബഹുമുഖ ദാരിദ്ര്യത്തിന്റെ ഗ്രാമീണ മാനങ്ങളിലേക്ക് മാത്രം ഊന്നൽ നൽകുന്നു

D. ഇത് ഇന്ത്യയുടെ വികസന മുൻഗണനകളുമായി ആഗോള താരതമ്യം സംയോജിപ്പിക്കുന്നു ✓

**Q14** General Awareness

സിന്ധു നദീതട സംസ്കാരത്തിന്റെ ആസൂത്രിത നഗര വിന്യാസത്തെ ഏറ്റവും നന്നായി ചിത്രീകരിക്കുന്നത് ഏത്?

A. ക്രമരഹിതമായ വളഞ്ഞ പാതയോരത്ത് നിർമ്മിച്ച വീടുകൾ

B. വലിയ ക്ഷേത്ര സമുച്ചയങ്ങൾക്ക് ചുറ്റും കേന്ദ്രീകരിച്ചിരിക്കുന്ന കെട്ടിടങ്ങൾ

C. മട്ടകോണിൽ സംഗമിക്കുന്ന തെരുവുകൾ ✓

D. വൃത്താകൃതിയിലുള്ള കേന്ദ്രങ്ങൾക്ക് ചുറ്റും ക്രമീകരിച്ചിരിക്കുന്ന വാസകേന്ദ്രങ്ങൾ

Blackbook Vocabulary — Now in the App! ▶ Download Now on Google Play

generated by rank.qmaths.in

**Q15** General Awareness

ഒരു സ്ഥാപനം ഒരു ഓഫീസ് കെട്ടിടത്തിനുള്ളിലെ കമ്പ്യൂട്ടറുകളെ, ഫയലുകൾ, പ്രിന്റുകൾ, മറ്റ് റിസോഴ്സുകൾ എന്നിവ പങ്കിടുന്നതിനായി, സ്വകാര്യമായി നിയന്ത്രിക്കുന്ന ഒരു നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിക്കുന്നു. ഈ സംവിധാനത്തിന് ഏറ്റവും അനുയോജ്യമായ നെറ്റ്‌വർക്ക് തരം ഏത്?

A. വൈഡ് ഏരിയ നെറ്റ്‌വർക്ക് (WAN)

B. മെട്രോപൊളിറ്റൻ ഏരിയ നെറ്റ്‌വർക്ക് (MAN)

C. പേഴ്സണൽ ഏരിയ നെറ്റ്‌വർക്ക് (PAN)

D. ലോക്കൽ ഏരിയ നെറ്റ്‌വർക്ക് (LAN) ✓

**Q16** General Awareness

2026-ൽ സർക്കാർ ആരംഭിച്ച സമഗ്ര ശിശു ബാൽ സ്വാസ്ഥ്യ കാര്യക്രം (SSBSK) പ്രാഥമിക ലക്ഷ്യം എന്താണ്?

A. മാതൃ ആരോഗ്യ സബ്സിഡി നൽകുന്നത്

B. കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുന്നത്

C. ജനനം മുതൽ 36 മാസം വരെ ഏകീകൃത ശിശു ആരോഗ്യ പരിരക്ഷ നൽകുന്നത് ✓

D. കൗമാരക്കാർക്ക് പോഷകാഹാരം നൽകുന്നത്

**Q17** General Awareness

2025 നവംബറിൽ നടപ്പാക്കിയ പുതിയ ലേബർ കോഡുകൾ സ്ത്രീകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട ഏത് സുപ്രധാന മാറ്റമാണ് കൊണ്ടുവന്നത്?

A. സുരക്ഷാ സംവിധാനങ്ങളോടു കൂടിയ രാത്രി-ഷിഫ്റ്റ് അനുമതി ✓

B. വ്യാവസായിക ജോലികളിൽ നിന്ന് വിലക്കപ്പെട്ട സ്ത്രീകൾ

C. നേരത്തെ വിരമിക്കേണ്ടി വരുന്ന സ്ത്രീകൾ

D. പ്രസവ ആനുകൂല്യങ്ങളിൽ നിന്ന് ഒഴിവാക്കപ്പെട്ട സ്ത്രീകൾ

**Q18** General Awareness

പ്രധാനമായും വാണിജ്യ ആധിപത്യത്തിൽ, പ്രത്യേകിച്ച് സുഗന്ധവ്യഞ്ജന വ്യാപാരത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചതും മലബാർ മേഖലയിൽ ഏറ്റവും ശ്രദ്ധേയമായ സാന്നിധ്യമുള്ളതുമായ യൂറോപ്യൻ ട്രേഡിംഗ് കമ്പനി ഏതാണ്?

A. ഡാനിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി

B. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി

C. ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി ✓

D. ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി

**Q19** General Awareness

വീട്ടുപകരണങ്ങൾ ശ്രേണിയിൽയിൽ ബന്ധിപ്പിക്കുന്നതിനു പകരം സമാന്തരമായി ബന്ധിപ്പിക്കുന്നതിന്റെ കാരണം ഏറ്റവും നന്നായി വിശദീകരിക്കുന്ന പ്രസ്താവന ഏത്?

A. ഓരോ ഉപകരണത്തിനും പൂർണ്ണ വിതരണ വോൾട്ടേജ് ലഭിക്കുകയും സ്വതന്ത്രമായി പ്രവർത്തിക്കുകയും ചെയ്യുന്നു. ✓

B. സമാന്തര സർക്യൂട്ടുകൾ ഓരോ ഉപകരണത്തിന്റെയും പ്രതിരോധം വർദ്ധിപ്പിക്കുന്നു.

C. ഒരു സമയം ഒരു ഉപകരണത്തിലൂടെ മാത്രമേ വൈദ്യുതധാര ഒഴുകുന്നുള്ളൂ.

D. സമാന്തര സർക്യൂട്ടുകൾ വിതരണ വോൾട്ടേജ് കുറക്കുന്നു.

**Q20** General Awareness

ഇന്ത്യയുടെ പടിഞ്ഞാറൻ തീര സമതലങ്ങളിൽ വിശാല ഡെൽറ്റകൾക്ക് പകരം നിരവധി അഴിമുഖങ്ങൾ കാണപ്പെടുന്നതിന് കാരണം ഏറ്റവും മികച്ച രീതിയിൽ വിശദീകരിക്കുന്നത് തന്നിരിക്കുന്നവയിൽ ഏത്?

A. നദികൾ നീളം കുറഞ്ഞവയും കുത്തനെയുള്ളവയും വേഗത്തിൽ ഒഴുകുന്നവയുമാണ് ✓

B. നദികൾ വിശാലമായ വെള്ളപ്പൊക്ക സമതലങ്ങളിലൂടെ ഒഴുകുന്നു

C. നദികൾ നീളമുള്ളതും, സാവധാനത്തിൽ ഒഴുകുന്നതും, വളഞ്ഞുപുളഞ്ഞ് പോകുന്നതുമാണ്

D. നദികൾ ധാരാളം അവസാദ നിക്ഷേപങ്ങൾ വഹിക്കുന്നു

**Q21** General Awareness

ഝാർഖണ്ഡിലെ സിങ്ഭൂം ജില്ലയിലെ ഗുവ, നൊആമുണ്ടി എന്നിവിടങ്ങളിൽ പ്രാഥമികമായി ഖനനം ചെയ്യുന്ന ധാതു ഏത്?

A. മാംഗനീസ് അയിര്

B. മൈക്ക അയിര്

C. ഹേമറ്റൈറ്റ് ഇരുമ്പയിര് ✓

D. ബോക്സൈറ്റ് അയിര്

Blackbook Vocabulary — Now in the App! ► Download Now on Google Play

generated by rank.qmaths.in

**Q22** General Awareness

കേന്ദ്ര – സംസ്ഥാന ബന്ധങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും ഗവർണർമാരുടെ നിയമനം കർശനമായി പക്ഷപാതരഹിതമായിരിക്കണമെന്ന് ശുപാർശ ചെയ്യുന്നതിനും 1983-ൽ കേന്ദ്ര സർക്കാർ നിയോഗിച്ച കമ്മീഷൻ ഏത്?

- **A. സർക്കാരിയ കമ്മീഷൻ** ✓
- B. രാജമന്നാർ കമ്മീഷൻ
- C. കോത്താരി കമ്മീഷൻ
- D. മണ്ഡൽ കമ്മീഷൻ

**Q23** General Awareness

ഹൈഡ്രജനും ഓക്സിജനും ചേർന്ന് ജലം രൂപം കൊള്ളുന്നു. ജലത്തിൽ എപ്പോഴും ഹൈഡ്രജനും ഓക്സിജനും, പിണ്ഡം അടിസ്ഥാനത്തിൽ, ഒരു നിശ്ചിത അനുപാതത്തിൽ അടങ്ങിയിരിക്കുന്നുവെന്ന് പ്രസ്താവിക്കുന്ന നിയമം ഏത്?

- **A. സ്ഥിര അനുപാത നിയമം** ✓
- B. ബഹു അനുപാത നിയമം
- C. ബോയിൽ നിയമം
- D. അവഗാഡ്രോ നിയമം

**Q24** General Awareness

വിംബിൾഡൺ ടെന്നീസ് ടൂർണമെന്റിലെ വനിതാ സിംഗിൾസ് മത്സരത്തിലെ വിജയിക്ക് നൽകുന്ന ട്രോഫി ഏത്?

- A. ആഷസ് ട്രോഫി
- B. ഡേവിസ് കപ്പ്
- C. റൈഡർ കപ്പ്
- **D. വീനസ് റോസ്വാട്ടർ ഡിഷ്** ✓

**Q25** General Awareness

1855 – 56-ൽ സിദ്ദുവും കൻഹുവും നയിച്ച ഗോത്രവർഗ കലാപം ഏത്?

- A. കോൾ കലാപം
- B. രാമോസി കലാപം
- **C. സാന്താൾ കലാപം** ✓
- D. ഭിൽ കലാപം

**Q26** General Awareness

ഇന്ത്യയിൽ ഒരു ഏറ്റവും ഉയർന്ന പോഷണ തലത്തിലുള്ള ഇരപിടിയനെ സംരക്ഷിക്കുന്നതിനായി 1973-ൽ ആരംഭിച്ച വന്യജീവി സംരക്ഷണ സംരംഭം ഏത്?

- A. പ്രൊജക്ട് സ്നോ ലെപേർഡ്
- B. പ്രോജക്ട് ക്രോകൊഡൈൽ
- C. പ്രോജക്ട് എലഫന്റ്
- **D. പ്രോജക്ട് ടൈഗർ** ✓

**Q27** General Awareness

പട്ടികവർഗക്കാരുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനുള്ള ഒരു തന്ത്രമായി രൂപീകരിച്ച ട്രൈബൽ സബ്-പ്ലാൻ (TSP) പ്രധാനമായും തന്നിരിക്കുന്ന ലക്ഷ്യങ്ങളിൽ ഏതാണ് നേടാൻ ശ്രമിക്കുന്നത്?

- A. നഗരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും, തെരഞ്ഞെടുക്കപ്പെട്ട ഗോത്രവർഗ വാസസ്ഥലങ്ങളിൽ മുനിസിപ്പൽ സേവനങ്ങൾ വിപുലീകരിക്കുകയും ഗോത്രവർഗ മേഖലകളിലെ വാണിജ്യ പ്രവർത്തനങ്ങൾ വർദ്ധിക്കുകയും ചെയ്യുക
- **B. പട്ടികവർഗവും ബാക്കിയുള്ള ജനങ്ങളും തമ്മിലുള്ള വികസന വിടവ് എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിലൂടെ നികത്തുക** ✓
- C. സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുകയും ഗോത്രവർഗ മേധാവിത്വമുള്ള പ്രദേശങ്ങളിൽ വാണിജ്യ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക
- D. ഔദ്യോഗിക വളർച്ച മെച്ചപ്പെടുത്തുകയും വിജ്ഞാപനം ചെയ്യപ്പെട്ട ഗോത്രവർഗ മേഖലകളിലുടനീളം ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുകയും ചെയ്യുക

**Q28** General Awareness

ഒരു ചെസ്സ്ബോർഡിലെ സമചതുരങ്ങളുടെ എട്ട് ലംബ നിരകളെ 'ഫയലുകൾ' എന്ന് വിളിക്കുന്നു, എന്നാൽ, അതിലെ എട്ട് തിരശ്ചീന സമചതുര നിരകളെ വിളിക്കുന്നത്:

- A. കാസ്റ്റ്ലിംഗുകൾ
- B. ക്ലോക്കുകൾ
- C. വികർണങ്ങൾ
- **D. റാങ്കുകൾ** ✓

Blackbook Vocabulary — Now in the App! ► Download Now on Google Play

generated by rank.qmaths.in

**Q29** General Awareness

സംഘസാഹിത്യത്തിൽ, പ്രധാനമായും 'പുറം' എന്ന ആശയവുമായി ബന്ധപ്പെട്ട പ്രമേയം തന്നിരിക്കുന്നവയിൽ ഏത്?

A. സ്നേഹവും വ്യക്തിപരമായ വികാരങ്ങളും
B. മതപരമായ ആചാരങ്ങളും ബലികളും
C. വ്യാപാരവും വാണിജ്യവും
D. യുദ്ധം, ധീരത, പൊതുജീവിതം ✓

**Q30** General Awareness

ഒരേ കുറ്റത്തിന് ഒരാളെ ഒന്നിലധികം തവണ പ്രോസിക്യൂട്ട് ചെയ്യുന്നതിൽ നിന്ന് ഭരണഘടനയിലെ ഏത് ആർട്ടിക്കിൾ ആണ് സംരക്ഷണം നൽകുന്നത്?

A. ആർട്ടിക്കിൾ 18
B. ആർട്ടിക്കിൾ 21
C. ആർട്ടിക്കിൾ 19
D. ആർട്ടിക്കിൾ 20 ✓

**Q31** General Awareness

1955-ലെ പൗരത്വ നിയമപ്രകാരം ഒരു വ്യക്തിയുടെ ഇന്ത്യൻ പൗരത്വം അവസാനിപ്പിക്കാനോ ഇല്ലാതാക്കാനോ അധികാരമുള്ളത് ആർക്ക്?

A. പാർലമെന്റ്
B. ഇന്ത്യൻ രാഷ്ട്രപതി, മന്ത്രിസഭ
C. ആഭ്യന്തര മന്ത്രാലയം (കേന്ദ്ര സർക്കാർ) ✓
D. ഇന്ത്യയുടെ സുപ്രീം കോടതി

**Q32** General Awareness

കോസി നദി ഒരു വറ്റാത്ത ഹിമാലയൻ നദിയായിരുന്നിട്ടും ബീഹാറിലെ സമതലങ്ങളിൽ ഇടക്കിടെ അതിന്റെ ഗതി മാറ്റുന്നത് എന്തുകൊണ്ടാണെന്ന് ഏറ്റവും നന്നായി വിശദീകരിക്കുന്നത് തന്നിരിക്കുന്നവയിൽ ഏത്?

A. ഇത് പശ്ചിമഘട്ടത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്
B. ഇത് കനത്ത അവസാദങ്ങൾ നിക്ഷേപിക്കുകയും അതിന്റെ വഴി തടയുകയും ചെയ്യുന്നു ✓
C. ഇത് കഠിനമായ പാറകൾക്കിടയിലൂടെ ഒഴുകുകയും മണ്ണൊലിപ്പ് കുറയ്ക്കുകയും ചെയ്യുന്നു
D. അതിന്റെ നദീതടത്തിൽ പരിമിതമായ മഴ ലഭിക്കുന്നു

**Q33** General Awareness

പുരാതന ഇന്ത്യൻ വാസ്തുവിദ്യയിലെ ഹാരപ്പൻ നഗരങ്ങളുടെ ആസൂത്രണത്തെ ഏറ്റവും നന്നായി ചിത്രീകരിക്കുന്ന സവിശേഷത ഏത്?

A. ആരാധനയ്ക്കായി പാറയിൽ കൊത്തിയ സ്മാരക ഗുഹകൾ
B. വിപുലമായ കൊത്തുപണികളുള്ള വലിയ ക്ഷേത്ര സമുച്ചയങ്ങൾ
C. മതസമ്മേളനങ്ങൾക്കായുള്ള താഴികക്കുടങ്ങളുള്ള സ്തൂപങ്ങൾ
D. കൃത്യമായി ചിട്ടപ്പെടുത്തിയ ഡ്രെയിനേജ് സംവിധാനത്തോടുകൂടിയ ഗ്രിഡ് ശൈലിയിലുള്ള തെരുവ് ക്രമീകരണം ✓

**Q34** General Awareness

2026-ൽ, അന്റോണിയോ ഗുട്ടെറസിന്റെ പിൻഗാമിയായി 10-ാമത് സെക്രട്ടറി ജനറലിനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച അന്താരാഷ്ട്ര സംഘടന ഏത്?

A. അന്താരാഷ്ട്ര നീതിന്യായ കോടതി
B. കോമൺവെൽത്ത് സെക്രട്ടേറിയറ്റ്
C. വേൾഡ് ഇക്കണോമിക് ഫോറം
D. ഐക്യരാഷ്ട്രസഭ ✓

**Q35** General Awareness

കമ്പ്യൂട്ടറുകളിൽ ഉപയോഗിക്കുന്ന ഒരു ക്യാരക്ടർ എൻകോഡിംഗ് സ്റ്റാൻഡേർഡിനെ സൂചിപ്പിക്കുന്ന ചുരുക്കെഴുത്ത് ഏത്?

A. RAM
B. CD
C. ASCII ✓
D. LAN

Blackbook Vocabulary — Now in the App! ▶ Download Now on Google Play

**Q36** General Awareness

റെയിൽവേ അടിസ്ഥാന സൗകര്യങ്ങളിൽ ചെനാബ് പാലം എങ്ങനെയാണ് ആഗോള അടിസ്ഥാനമാതൃക സ്ഥാപിച്ചത്?

A. ലോകത്തിലെ ഏറ്റവും നീളം കൂടിയ സ്റ്റീൽ സ്പാനുള്ള റെയിൽവേ കമാന പാലമായി മാറുന്നതിലൂടെ

B. ഒരു പർവത താഴ്‌വരക്ക് കുറുകെ നിർമ്മിച്ച ഏറ്റവും നീളമുള്ള റെയിൽവേ പാലമായി മാറുന്നതിലൂടെ

C. ഏഷ്യയിലെ ഏറ്റവും നീളമുള്ള റെയിൽവേ കമാന പാലമായി മാറുന്നതിലൂടെ

D. ലോകത്തിലെ ഏറ്റവും ഉയരമുള്ള റെയിൽവേ കമാന പാലമായി മാറുന്നതിലൂടെ ✓

**Q37** General Awareness

ഇന്ത്യയിൽ മാനസികാരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര ബജറ്റ് 2026 – 27 സ്ഥാപിക്കാൻ നിർദ്ദേശിക്കുന്ന പുതിയ സ്ഥാപനം ഏത്?

A. AIIMS-2

B. നാഷണൽ ട്രോമ ഇൻസ്റ്റിറ്റ്യൂട്ട്

C. നിതി ആയോഗ് ഹെൽത്ത് സെന്റർ

D. NIMHANS-2 ✓

**Q38** General Awareness

2015-ൽ ആരംഭിച്ച പ്രധാൻ മന്ത്രി ആവാസ് യോജന – അർബൻ (PMAY-U) എന്ന പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം തന്നിരിക്കുന്നവയിൽ ഏതാണ് ?

A. യോഗ്യമായ നഗര കുടുംബങ്ങൾക്ക് സർവീസ്ഡ് റെസിഡൻഷ്യൽ പ്ലോട്ടുകൾ നൽകുക.

B. അർഹരായ നഗര കുടുംബങ്ങൾക്ക് താൽക്കാലിക ഷെൽട്ടറുകൾ നൽകുക

C. അർഹരായ നഗര കുടുംബങ്ങൾക്ക് പക്കാ വീടുകൾ നൽകുക ✓

D. യോഗ്യരായ നഗര കുടുംബങ്ങൾക്ക് താങ്ങാനാവുന്ന നിരക്കിൽ വാടക വീടുകൾ നൽകുക.

**Q39** General Awareness

Ctrl + C ഉപയോഗിച്ച് ഒരു സ്പ്രെഡ്ഷീറ്റ് സെൽ കോപ്പി ചെയ്ത്, Ctrl + V ഉപയോഗിച്ച് ഒന്നിലധികം സ്ഥലങ്ങളിൽ പേസ്റ്റ് ചെയ്യുന്നു. ഏത് പ്രസ്താവനയാണ് ഫലത്തെ ഏറ്റവും നന്നായി വിവരിക്കുന്നത്?

A. എല്ലാ ലക്ഷ്യ സെല്ലുകളും ആദ്യ ഉള്ളടക്കവുമായി ഡൈനാമിക്കായി ബന്ധപ്പെട്ടിരിക്കുന്നു

B. പേസ്റ്റ് ചെയ്ത ഓരോ മൂല്യവും സ്വയം ഒരു ഫോർമുല റഫറൻസായി മാറുന്നു.

C. ഓരോ വിജയകരമായ പേസ്റ്റ് പ്രവർത്തനത്തിനും ശേഷം ആദ്യ സെൽ ക്ലിയർ ആകുന്നു

D. ഓരോ ലക്ഷ്യ സെല്ലിനും ആദ്യ ഉള്ളടക്കത്തിന്റെ ഒരു തുല്യ പകർപ്പ് ലഭിക്കുന്നു. ✓

**Q40** General Awareness

2026 ജൂണിൽ, NASM-MR-ന്റെ കന്നി പറക്കൽ പരീക്ഷണം DRDO നടത്തി. ഈ മിസൈൽ രൂപകൽപ്പന ചെയ്തിരിക്കുന്നത് എന്തിന് വേണ്ടിയാണ്?

A. ടാങ്ക്-വേധ ഗൈഡഡ് ആക്രമണം

B. മധ്യദൂര ടാങ്ക്-വേധ ഗൈഡഡ് ആക്രമണം

C. കുറഞ്ഞ ദൂരപരിധിയിൽ ഭൂതല-വായു പ്രതിരോധ പ്രതിരോധം

D. മധ്യദൂര നാവിക കപ്പൽവേധ ആക്രമണം ✓

**Q41** General Awareness

2026-ൽ നടന്ന എക്സർസൈസ് ധർമ്മ ഗാർഡിയന്റെ 7-ാം പതിപ്പിൽ പങ്കെടുത്ത രണ്ട് രാജ്യങ്ങൾ ഏവ?

A. ഇന്ത്യ, ജപ്പാൻ ✓

B. ജപ്പാൻ, ഓസ്ട്രേലിയ

C. ഇന്ത്യ, ഫ്രാൻസ്

D. ഇന്ത്യ, ആസ്ട്രേലിയ

Blackbook Vocabulary — Now in the App! ► Download Now on Google Play

**Q42** General Awareness

ഒരു രോഗിയുടെ വൃക്കയുടെ ഫിൽട്ടറിംഗ് യൂണിറ്റുകളുടെ പ്രവർത്തനം തകരാറിലായതായി കാണുന്നു. ഏത് ശാരീരിക പ്രക്രിയയെയാണ് ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത്?

A. വിയർപ്പ് ഉൽപാദനത്തിലൂടെ ശരീര താപനില നിലനിർത്തുന്നത്

B. ചുവന്ന രക്താണുക്കളുടെ ഓക്സിജൻ സംവഹനം

C. രക്തത്തിൽ നിന്ന് നൈട്രജൻ മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ✓

D. വ്യായാമ സമയത്ത് ശ്വസന നിരക്കിന്റെ നിയന്ത്രണം

**Q43** General Awareness

ന്യൂഡൽഹിയിൽ നടക്കുന്ന ഡിജിറ്റൽ ന്യൂസ് പബ്ലിഷേഴ്സ് അസോസിയേഷൻ (DNPA) കോൺക്ലേവ് 2026-ന്റെ പ്രധാന ശ്രദ്ധാ കേന്ദ്രം എന്ത്?

A. സ്പോർട്സ് ബ്രോഡ്കാസ്റ്റിംഗ് റൈറ്റ്സ് ചർച്ചകൾ പ്രോത്സാഹിപ്പിക്കൽ

B. പുതിയ സംസ്ഥാന സർക്കാർ മാധ്യമ നയം പ്രഖ്യാപിക്കൽ

C. ഡിജിറ്റൽ വാർത്താ സംഘടനകളെ ചർച്ചയ്ക്കും സഹകരണത്തിനും ഒരുമിച്ച് കൊണ്ടുവരികൽ ✓

D. പ്രന്റ്ബുക്ക് പബ്ലിഷിംഗ് വ്യവസായ നവീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കൽ

**Q44** General Awareness

വിവരാവകാശ നിയമം, 2005-ലെ ഇളവുകളുമായി ബന്ധപ്പെട്ട് ഏത് നിയമത്തെക്കുറിച്ചാണ് പലപ്പോഴും ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്?

A. റെപ്രസെന്റേഷൻ ഓഫ് ദ പീപ്പിൾ ആക്റ്റ്, 1951

B. കോമ്പറ്റീഷൻ ആക്റ്റ്, 2002

C. ഒഫീഷ്യൽ സീക്രെറ്റ്സ് ആക്റ്റ്, 1923 ✓

D. ഇന്ത്യൻ എവിഡൻസ് ആക്റ്റ്, 1872

**Q45** General Awareness

പ്രതിരോധം, റെയിൽവേ, ആദായനികുതി തുടങ്ങിയ വിഷയങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ ഏത് പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്?

A. റെസിഡ്യൂവറി ലിസ്റ്റ്

B. സമവർത്തി ലിസ്റ്റ്

C. യൂണിയൻ ലിസ്റ്റ് ✓

D. സംസ്ഥാന ലിസ്റ്റ്

**Q46** General Awareness

പാചകം ചെയ്യുമ്പോൾ അപ്പക്കാരം, നാരങ്ങ നീര് അല്ലെങ്കിൽ വിനാഗിരിയുമായി രാസപ്രവർത്തനം നടത്തുമ്പോൾ സ്വതന്ത്രമാക്കുന്ന വാതകം ഏത്?

A. ഹൈഡ്രജൻ

B. ഓക്സിജൻ

C. കാർബൺ ഡയോക്സൈഡ് ✓

D. നൈട്രജൻ

**Q47** General Awareness

2026, ഫെബ്രുവരി 7-ന്, നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (NSO) GDP എസ്റ്റിമേറ്റുകളുടെ ഒരു പുതിയ പരമ്പര പുറത്തിറക്കി. ഇത് അടിസ്ഥാന വർഷം 2011-12-ൽ നിന്ന് ഏത് പുതിയ ഏത് അടിസ്ഥാന വർഷത്തിലേക്കാണ് മാറ്റിയത്?

A. 2018-19

B. 2015-16

C. 2020-21

D. 2022-23 ✓

**Q48** General Awareness

2026-ലെ ഡൽഹി (റൈറ്റ് ഓഫ് സിറ്റിസൺ ടു ടൈം-ബൗണ്ട് ആൻഡ് ഈസ് ഓഫ് ഡെലിവറി ഓഫ് സർവീസസ്) ബിൽ മാറ്റിസ്ഥാപിച്ച ഇതിന് മുമ്പത്തെ നിയമനിർമ്മാണം ഏത്?

A. ഡൽഹി റൈറ്റ് ഓഫ് സിറ്റിസൻ ടു ടൈം ബൗണ്ട് ഡെലിവറി ഓഫ് സർവ്വീസസ് ആക്ട്, 2001

B. ഡൽഹി റൈറ്റ് ഓഫ് സിറ്റിസൺ ടു ടൈം ബൗണ്ട് ഡെലിവറി ഓഫ് സർവ്വീസസ് ആക്ട്, 2019

C. ഡൽഹി റൈറ്റ് ഓഫ് സിറ്റിസൺ ടു ടൈം ബൗണ്ട് ഡെലിവറി ഓഫ് സർവ്വീസസ് ആക്ട്, 2006

D. ഡൽഹി റൈറ്റ് ഓഫ് സിറ്റിസൺ ടു ടൈം ബൗണ്ട് ഡെലിവറി ഓഫ് സർവ്വീസസ് ആക്ട്, 2011 ✓

Blackbook Vocabulary — Now in the App! ► Download Now on Google Play

generated by rank.qmaths.in

**Q49** General Awareness

ഭരണഘടനാ ഭേദഗതികൾ സംബന്ധിച്ച് "അടിസ്ഥാന ഘടന സിദ്ധാന്തം" സുപ്രീം കോടതി മുന്നോട്ടുവച്ചത് ഏത് സുപ്രധാന കേസിൽ ആയിരുന്നു?

A. ഇന്ദിരാഗാന്ധി v. രാജ് നരേൻ

B. മിനർവ മിൽസ് v. യൂണിയൻ ഓഫ് ഇന്ത്യ

C. ഗോലക് നാഥ് v. സ്റ്റേറ്റ് ഓഫ് പഞ്ചാബ്

D. കേശവാനന്ദ ഭാരതി v. സ്റ്റേറ്റ് ഓഫ് കേരള ✓

**Q50** General Awareness

2026 ഏപ്രിൽ 8-ൽ നടന്ന യുനെസ്കോ എക്സിക്യൂട്ടീവ് ബോർഡിന്റെ 224-ആമത് സെഷൻ നടന്ന സ്ഥലം:

A. റോം, ഇറ്റലി

B. ബ്രസ്സൽസ്, ബെൽജിയം

C. മാഡ്രിഡ്, സ്പെയിൻ

D. പാരീസ്, ഫ്രാൻസ് ✓

## Mathematics

35 Questions • Answer Key

**Q51** Mathematics

പാദ നീളം 23 cm, അനുബന്ധ ഉയരം 12 cm എന്നിങ്ങനെ ആയ ഒരു ത്രികോണത്തിന്റെ ഇരട്ടി പരപ്പളവുള്ള ഒരു സമചതുരത്തിന്റെ പരപ്പളവ് കണ്ടെത്തുക.

A. 204 $cm^2$

B. 256 $cm^2$

C. 218 $cm^2$

D. 276 $cm^2$ ✓

**Q52** Mathematics

ചതുരപ്പെട്ടി ആകൃതിയിലുള്ള ഒരു വാട്ടർ ടാങ്കിന് 15 m നീളവും 12 m വീതിയുമുണ്ട്. ടാങ്കിന്റെ തറയുടെയും മേൽക്കൂരയുടെയും പരപ്പളവിന്റെ തുക ടാങ്കിന്റെ നാല് ചുമരുകളുടെയും പരപ്പളവിന് തുല്യമാണ്. ഈ ടാങ്കിൽ എത്ര ലിറ്റർ മഴവെള്ളം ശേഖരിക്കാൻ കഴിയും?

A. 1200 ലിറ്റർ

B. $1200\times10^2$ ലിറ്റർ

C. $1000 \times 10^2$ ലിറ്റർ

D. $1200 \times 10^3$ ലിറ്റർ ✓

**Q53** Mathematics

ഒരു വിദ്യാർത്ഥിയുടെ മാർക്ക് 59-ന് പകരം 68 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. അത് കാരണം , ക്ലാസിലെ ശരാശരി മാർക്ക് 1.8 കൂടുന്നു. ക്ലാസിലെ വിദ്യാർത്ഥികളുടെ എണ്ണം എത്ര?

A. 6

B. 7

C. 4

D. 5 ✓

**Q54** Mathematics

AB, CD എന്നീ രേഖകൾ സമാന്തര രേഖകളാണ്. ഛേദകം XY എന്നതിന്റെ ഇടത് വശത്ത് A, C എന്നീ ബിന്ദുക്കളും വലത് വശത്ത് B, D എന്നീ ബിന്ദുക്കളുമാണ്. ഛേദകം AB എന്ന രേഖയെ M-ലും CD എന്ന രേഖയെ N-ലും സന്ധിക്കുന്നു. ഇവിടെ X, M, N, Y എന്നീ ബിന്ദുക്കൾ ഒരേ രേഖയിൽ ഈ ക്രമത്തിലാണ് സ്ഥിതി ചെയ്യുന്നത്. $\angle XMA$ എന്നതിന്റെ അളവ് 125° ആണെങ്കിൽ, $\angle CNY$ എന്നതിന്റെ അളവ് എത്ര?

A. 50°

B. 58°

C. 55° ✓

D. 52°

**Q55** Mathematics

A, B, C എന്നിവർക്ക് ഒരുമിച്ച് ഒരു ജോലി 37 ദിവസത്തിൽ പൂർത്തിയാക്കാൻ കഴിയും. B, C എന്നിവർ ഒരുമിച്ച് അതേ ജോലി 74 ദിവസത്തിൽ പൂർത്തിയാക്കും. B-യുടെ ക്ഷമത A-യെക്കാൾ 50% കൂടുതലാണ്. A, B, C എന്നിവർ ഒരുമിച്ച് 28 ദിവസം ജോലി ചെയ്യുന്നു. B ഒറ്റക്ക് ശേഷിക്കുന്ന ജോലി ചെയ്യാനെടുക്കുന്ന ദിവസം എത്ര?

A. 9 ദിവസം

B. 14 ദിവസം

C. 13 ദിവസം

D. 12 ദിവസം ✓

Blackbook Vocabulary — Now in the App! ► Download Now on Google Play

generated by rank.qmaths.in

**Q56** Mathematics

ഒരു കടയുടമ ₹400 എന്ന തുകക്ക് 20 തുല്യ വസ്തുക്കൾ വാങ്ങുന്നു. എല്ലാ വസ്തുക്കൾക്കും വിൽപ്പന വില സമമാണെങ്കിൽ, 25% ലാഭം ലഭിക്കാൻ അയാൾ എത്ര വസ്തുക്കൾ ₹400-ന് വിൽക്കണം?

A. 15

B. 16 ✓

C. 20

D. 18

**Q57** Mathematics

മൂല്യം കാണുക: (−37) + (−56) ÷ (−3) × 3

A. 19 ✓

B. 17

C. 15

D. 21

**Q58** Mathematics

കുശാൽ, യാമിനി എന്നിവർ ഒരു 2025 m വർത്തുള പാതയിലൂടെയുള്ള ഓട്ടമത്സരത്തിൽ ഒരേ പോയിന്റിൽ നിന്ന് യഥാക്രമം 33 km/h, 36 km/h എന്നീ വേഗങ്ങളിൽ ഒരേ സമയം ഓട്ടം ആരംഭിക്കുന്നു. അവർ ഒരേ ദിശയിൽ ഓടിയാൽ അവർ ട്രാക്കിൽ ആദ്യമായി കണ്ടുമുട്ടുന്നത് എത്ര സമയത്തിനു ശേഷമാണ്?

A. 2438 സെക്കൻഡ്

B. 2430 സെക്കൻഡ് ✓

C. 2426 സെക്കൻഡ്

D. 2434 സെക്കൻഡ്

**Q59** Mathematics

ഒരു ഡാറ്റയുടെ മാധ്യം 41, അതിന്റെ മധ്യമം 50 എന്നിങ്ങനെയാണ്. ആ ഡാറ്റയുടെ മോഡ് (പ്രയോഗാധിഷ്ഠിത ബന്ധം ഉപയോഗിച്ച്) എത്ര?

A. 150

B. 91

C. 156

D. 68 ✓

**Q60** Mathematics

ഒരു സ്റ്റേഷനറി കട നോട്ട്ബുക്കുകളും പേനകളും വിൽക്കുന്നു. 5 നോട്ട്ബുക്കുകളുടെയും 3 പേനകളുടെയും വില ₹146 ആണ്. 7 നോട്ട്ബുക്കുകളുടെയും 2 പേനകളുടെയും വില ₹178 എന്നിങ്ങനെയാണ്. ഒരു വിദ്യാർത്ഥി 4 നോട്ട്ബുക്കുകളും 6 പേനകളും വാങ്ങിയാൽ, ആ വിദ്യാർത്ഥി എത്ര വില നൽകണം?

A. ₹176

B. ₹154

C. ₹160 ✓

D. ₹168

**Q61** Mathematics

മൂന്ന് സംഖ്യകളുടെ ശരാശരി 15 ആകുന്നു. അവയിൽ രണ്ട് സംഖ്യകൾ 10, 20 എന്നിങ്ങനെ ആണെങ്കിൽ, മൂന്നാമത്തെ സംഖ്യ ഏത്?

A. 15 ✓

B. 25

C. 20

D. 10

**Q62** Mathematics

ഒരു തോക്ക് 1.45 km ദൂരത്ത് നിന്ന് വെടിയുതിർത്തു. അതിന്റെ ശബ്ദം 5 സെക്കൻഡിന് ശേഷം കേട്ടു. ശബ്ദം സഞ്ചരിക്കുന്ന വേഗം (m/s) എത്ര?

A. 145 m/s

B. 290 m/s ✓

C. 300 m/s

D. 240 m/s

**Q63** Mathematics

A, B എന്നിവർക്ക് ഒരു ജോലി 24 ദിവസം കൊണ്ട് പൂർത്തിയാക്കാൻ കഴിയും. A-ക്ക് ഒറ്റക്ക് 60 ദിവസങ്ങൾ കൊണ്ട് അതേ ജോലി പൂർത്തിയാക്കാൻ കഴിയുമെങ്കിൽ, അതേ ജോലിയുടെ നാലിലൊന്ന് ഭാഗം B ഒറ്റക്ക് എത്ര ദിവസത്തിൽ പൂർത്തിയാക്കും?

A. 9

B. 8

C. 12

D. 10 ✓

Blackbook Vocabulary — Now in the App! ▶ Download Now on Google Play

generated by rank.qmaths.in

**Q64** Mathematics

ഒരു കടയുടമ തന്റെ സാധനങ്ങൾ 5% നഷ്ടത്തിൽ വിൽക്കുന്നുവെന്ന് അവകാശപ്പെടുന്നുവെങ്കിലും തെറ്റായ ബാലൻസ് ഉപയോഗിക്കുകയും അതുവഴി 40% ലാഭിക്കുകയും ചെയ്യുന്നു. 1 kg-നായി അയാൾ ഉപയോഗിക്കുന്ന യഥാർത്ഥ ഭാരം കണ്ടെത്തുക (ഒരു ദശാംശ സ്ഥാനത്തേക്ക് റൗണ്ട് ചെയ്യുക).

A. 675.3 gm

B. 680.9 gm

C. 682.8 gm

D. 678.6 gm ✓

**Q65** Mathematics

ഒരു കടയുടമ തന്റെ വാങ്ങിയ വിലയുടെ 40% ലാഭം പ്രതീക്ഷിക്കുന്നു. ഒരു ആഴ്ചയിൽ അയാളുടെ വിൽപ്പന വരുമാനം ₹3,955 ആണെങ്കിൽ, അയാളുടെ ലാഭം (₹-ൽ) എത്ര?

A. 1,130 ✓

B. 1,133

C. 1,129

D. 1,132

**Q66** Mathematics

മൂല്യം കാണുക: 11 − 12 ÷ 12 × 8

A. 4

B. 1

C. 2

D. 3 ✓

**Q67** Mathematics

A-യുടെ 25% എന്നത് B-യുടെ 40%-ന് തുല്യവും, B-യുടെ 30% എന്നത് C-യുടെ 45%-ന് തുല്യവും ആണെങ്കിൽ, A:B:C കണ്ടെത്തുക.

A. 8:5:3

B. 24:14:9

C. 12:9:7

D. 24:15:10 ✓

**Q68** Mathematics

₹620 എന്ന തുക ഒരു നിശ്ചിത സാധാരണ പലിശനിരക്കിൽ 2 വർഷം കൊണ്ട് ₹910 ആയി മാറും. തന്നിരിക്കുന്ന 2 വർഷങ്ങളിലെ പലിശ (₹-ൽ) കണ്ടെത്തുക.

A. 300

B. 305

C. 290 ✓

D. 285

**Q69** Mathematics

അനുപാതങ്ങൾ ആരോഹണക്രമത്തിൽ ക്രമീകരിക്കുക:
6:7, 11:12, 21:23, 31:35, 43:45.

A. 6:7, 31:35, 11:12, 43:45, 21:23

B. 6:7, 31:35, 11:12, 21:23, 43:45

C. 6:7, 31:35, 21:23, 11:12, 43:45 ✓

D. 6:7, 11:12, 21:23, 31:35, 43:45

**Q70** Mathematics

കൃഷിന്റെ കൈവശം ₹1,352 ഉണ്ട്. അയാൾ ഈ തുക തന്റെ രണ്ട് പുത്രന്മാരായ വീറിനും നിതിനും ഇടയിൽ വീതിച്ച് നൽകുന്നു. ഇരുവരും തങ്ങൾക്ക് ലഭിച്ച തുക 8% വാർഷിക കൂട്ടുപലിശനിരക്കിൽ നിക്ഷേപിക്കുന്നു.18 വർഷങ്ങൾക്ക് ശേഷം വീറിന് ലഭിക്കുന്ന സഞ്ചിത തുകയും, 19 വർഷങ്ങൾക്ക് ശേഷം നിതിന് ലഭിക്കുന്ന സഞ്ചിത തുകയും തുല്യമാണെങ്കിൽ, കൃഷ് എത്ര തുകയാണ് (₹-ൽ) നിതിന് നൽകിയത്?

A. 650 ✓

B. 500

C. 702

D. 802

Blackbook Vocabulary — Now in the App! ▶ Download Now on Google Play

**Q71** Mathematics

ഒരു ജോലി 15 ദിവസം കൊണ്ട് പൂർത്തിയാക്കാൻ 24 തൊഴിലാളികളുടെ ഒരു സംഘത്തെ നിയോഗിക്കുന്നു. 1 ദിവസം ജോലി ചെയ്ത ശേഷം, 8 തൊഴിലാളികൾ ജോലി ഉപേക്ഷിച്ചു. എല്ലാ തൊഴിലാളികളും തുല്യ ക്ഷമതയുള്ളവരാണെന്ന് കരുതുക, ബാക്കി ജോലികൾ പൂർത്തിയാക്കാൻ ശേഷിക്കുന്ന തൊഴിലാളികൾക്ക് എത്ര അധിക ദിവസങ്ങൾ ആവശ്യമാണ്?

A. 28 ദിവസം

B. 18 ദിവസം

C. 21 ദിവസം ✓

D. 25 ദിവസം

**Q72** Mathematics

ഒരു ഹരണ ക്രിയയിൽ, ഹാരകം ഹരണഫലത്തിന്റെ 3 മടങ്ങും, ശിഷ്ടത്തിന്റെ 8 മടങ്ങുമാകുന്നു. ശിഷ്ടം 12 ആണെങ്കിൽ, ഹാര്യം എത്ര?

A. 3084 ✓

B. 3072

C. 3066

D. 3048

**Q73** Mathematics

ഒരു സൈക്കിൾ യാത്രികൻ ആദ്യത്തെ 30 km ദൂരം 20 km/h, അടുത്ത 50 km ദൂരം 25 km/h, അവസാനത്തെ 20 km ദൂരം 10 km/h എന്നീ വേഗങ്ങളിൽ സഞ്ചരിക്കുന്നു. മുഴുവൻ100 km യാത്രയിലും സൈക്കിൾ യാത്രികന്റെ ശരാശരി വേഗം എത്ര? (അടുത്ത പൂർണ്ണസംഖ്യയിലേക്ക് റൗണ്ട് ഓഫ് ചെയ്യുക)

A. 20 km/h

B. 19 km/h

C. 21 km/h

D. 18 km/h ✓

**Q74** Mathematics

ഒരു തുക A, B, C എന്നിവർക്കായി വീതിക്കുമ്പോൾ A എന്നയാൾക്ക് B-യുടെ ഇരട്ടിയും B എന്നയാൾക്ക് C-യുടെ മൂന്ന് മടങ്ങും ലഭിക്കുന്നു. ആകെ തുക ₹720 ആണെങ്കിൽ C എന്നയാൾക്ക് എത്ര ലഭിക്കും?

A. ₹72 ✓

B. ₹84

C. ₹96

D. ₹60

**Q75** Mathematics

5 തൊഴിലാളികൾ 8 മണിക്കൂർ വീതം 12 ദിവസം ജോലി ചെയ്ത് 2400 യൂണിറ്റ് ഉൽപ്പാദിപ്പിക്കുന്നു, ഓരോ തൊഴിലാളിയുടെയും ഉൽപ്പാദനക്ഷമത സ്ഥിരമായി തുടരുന്നു എന്ന് കരുതുകയാണെങ്കിൽ, 10 തൊഴിലാളികൾ 8 മണിക്കൂർ വീതം 12 ദിവസം ജോലി ചെയ്താൽ എത്ര യൂണിറ്റ് ഉൽപ്പാദിപ്പിക്കും?

A. 2400 യൂണിറ്റ്

B. 4800 യൂണിറ്റ് ✓

C. 6000 യൂണിറ്റ്

D. 3600 യൂണിറ്റ്

**Q76** Mathematics

രണ്ട് സുഹൃത്തുക്കളായ മോഹൻ, ഡേവിഡ് എന്നിവരുടെ പ്രതിമാസ വരുമാനം യഥാക്രമം 6 : 8 എന്ന അനുപാതത്തിലാണ്, അവർ ഓരോരുത്തരും ഓരോ മാസവും ₹51,000 സമ്പാദിക്കുന്നു. അവരുടെ പ്രതിമാസ ചെലവിന്റെ അനുപാതം 2 : 4 ആണെങ്കിൽ, മോഹന്റെ പ്രതിമാസ വരുമാനം (₹-ൽ) കണ്ടെത്തുക.

A. 76,500 ✓

B. 75,500

C. 77,500

D. 1,07,100

**Q77** Mathematics

3, 77, 33 എന്നീ സംഖ്യകളുടെ LCM:

A. 462

B. 77

C. 242

D. 231 ✓

**Q78** Mathematics

ഒരു ലാപ്ടോപ്പിന് ₹45,000 എന്ന് വില രേഖപ്പെടുത്തിയിരിക്കുന്നു. ഒരു കടയുടമ രേഖപ്പെടുത്തിയ വിലയിൽ 25% കിഴിവ് വാഗ്ദാനം ചെയ്യുന്നു. കിഴിവിന് ശേഷം, വിൽപ്പന വിലയിൽ 10% അധിക നികുതിയോടെ ലാപ്ടോപ്പ് വിൽക്കുന്നു. കിഴിവിനും നികുതിക്കും ശേഷം ലാപ്ടോപ്പിന്റെ അന്തിമ വില എത്ര?

A. ₹37,500

B. ₹33,750

C. ₹37,125 ✓

D. ₹34,650

Blackbook Vocabulary — Now in the App! ► Download Now on Google Play

**Q79** Mathematics

ഒരു സംഖ്യയുടെ 7% എന്നത്, അതേ സംഖ്യയുടെ 9% എന്നതിന്റെ എത്ര ശതമാനമാണ്? (രണ്ട് ദശാംശസ്ഥാനങ്ങളിലേക്ക് റൗണ്ട് ചെയ്യുന്നു.)

A. 77.78% ✓

B. 21.87%

C. 78.57%

D. 43.75%

**Q80** Mathematics

54 cm × 44 cm × 30 cm അളവുകളുള്ള ഒരു ലെഡ് ഘന ചതുരക്കട്ടയിൽ നിന്ന് 3 cm ആരമുള്ള എത്ര ഗോളാകൃതിയുള്ള ലെഡ് ഷോട്ടുകൾ ഉണ്ടാക്കാൻ കഴിയും?

$\left(\pi = \frac{22}{7}\right)$ എന്ന് എടുക്കുക.

A. 620

B. 600

C. 630 ✓

D. 640

**Q81** Mathematics

$5 \sin y + \cos y = \sqrt{13} \sin y$, എന്നാണെങ്കിൽ $\tan y$ എന്നതിന്റെ മൂല്യം കണ്ടെത്തുക.

A. $\frac{-5 - \sqrt{13}}{22}$

B. $\frac{-6 - \sqrt{13}}{12}$

C. $\frac{-5 - \sqrt{13}}{12}$ ✓

D. $\frac{-5 - \sqrt{13}}{17}$

**Q82** Mathematics

Find the total surface area of a hemispherical bowl whose volume is $7.065\ m^3$ (use $\pi = 3.14$).

A. $18.125\ m^2$

B. $28.365\ m^2$

C. $35.125\ m^2$

D. $21.195\ m^2$ ✓

Blackbook Vocabulary — Now in the App! ▶ Download Now on Google Play

**Q83** Mathematics

$2^{0.5}, 2^{1.5}, 2^{2.5}$ എന്നതിന്റെ നാലാം അനുപാതം കണ്ടെത്തുക.

A. $2^{0.5}$

B. $2^{4}$

C. $2^{3.5}$ ✓

D. $2^{2}$

**Q84** Mathematics

4, 8, 6, 5, 3, 9 എന്ന ഡാറ്റ സെറ്റ് പരിഗണിക്കുക. വ്യത്യാസം കണ്ടെത്തുക.

A. $\frac{161}{36}$ ✓

B. $\frac{151}{36}$

C. $\frac{161}{35}$

D. $\frac{151}{35}$

**Q85** Mathematics

$5^8 \times 6^7 \times 11^4$ എന്ന സംഖ്യയുടെ അഭാജ്യ ഘടകങ്ങളുടെ ആകെ എണ്ണം കണ്ടെത്തുക.

A. 28

B. 30

C. 22

D. 26 ✓

## General Intelligence & Reasoning

35 Questions • Answer Key

**Q86** General Intelligence & Reasoning

തന്നിരിക്കുന്ന സംഖ്യാ, ചിഹ്ന ശ്രേണി പരിശോധിച്ച് ചോദ്യത്തിന് ഉത്തരം നൽകുക. (ഇടത്തുനിന്ന് വലത്തോട്ട് മാത്രം എണ്ണുക. എല്ലാ സംഖ്യകളും ഒറ്റ അക്കസംഖ്യകൾ മാത്രമാണ്.)

(ഇടത്) ? / & @ 9 # @ % * / \ $ % * < & 5 5 2 > 3 (വലത്)

തൊട്ടുമുമ്പ് ഒരു ചിഹ്നവും തൊട്ടുശേഷം ഒരു ചിഹ്നവും വരുന്ന സംഖ്യകൾ എത്ര?

A. രണ്ട്

B. ഒന്ന് ✓

C. മൂന്ന്

D. ഒന്നുമില്ല

**Q87** General Intelligence & Reasoning

തന്നിരിക്കുന്ന നാല് അക്ഷരക്കൂട്ട ജോഡികളിൽ മൂന്നെണ്ണം ഇംഗ്ലീഷ് അക്ഷരമാലാക്രമമനുസരിച്ച് ഒരു പ്രത്യേക രീതിയിൽ സമാനമാണ്, സമാനമായവ ഒരു ഗ്രൂപ്പ് രൂപപ്പെടുത്തുന്നു, ആ ഗ്രൂപ്പിൽ ഉൾപ്പെടാത്തത് ഏത്?

(ശ്രദ്ധിക്കുക: ഗ്രൂപ്പിൽ ഉൾപ്പെടാത്തത് വ്യഞ്ജനാക്ഷരങ്ങളുടെ/സ്വരാക്ഷരങ്ങളുടെ എണ്ണത്തെയോ അക്ഷരക്കൂട്ടത്തിലെ അവയുടെ സ്ഥാനത്തെയോ അടിസ്ഥാനമാക്കിയല്ല.)

A. CA – BZ

B. KD – HB ✓

C. JK – IJ

D. GJ – FI

Blackbook Vocabulary — Now in the App! ► Download Now on Google Play

**Q88** General Intelligence & Reasoning

A × Y എന്നാൽ "Y-യുടെ അമ്മയാണ് A" എന്നും,
A – Y എന്നാൽ "Y-യുടെ മകളാണ് A" എന്നും,
A $ Y എന്നാൽ "Y-യുടെ അച്ഛനാണ് A" എന്നും,
A @ Y എന്നാൽ "Y-യുടെ ഭർത്താവാണ് A" എന്നുമാണർത്ഥം.

'B @ Z – E $ Q' ആണെങ്കിൽ, B എങ്ങനെ Q-മായി ബന്ധപ്പെട്ടിരിക്കുന്നു?

- A. സഹോദരിയുടെ ഭർത്താവ് ✓
- B. സഹോദരന്റെ ഭാര്യ
- C. മകന്റെ ഭാര്യ
- D. അച്ഛന്റെ സഹോദരി

**Q89** General Intelligence & Reasoning

'A' എന്നാൽ '÷' എന്നും, 'B' എന്നാൽ '×' എന്നും, 'C' എന്നാൽ '+' എന്നും, 'D' എന്നാൽ '−' എന്നും ആണെങ്കിൽ, തന്നിരിക്കുന്ന സമവാക്യത്തിൽ ചോദ്യചിഹ്നത്തിന്റെ (?) സ്ഥാനത്ത് വരുന്നത് എന്ത്?
67 C 3 B 19 C (84 A 2) D 6 = ?

- A. 160 ✓
- B. 172
- C. 154
- D. 173

**Q90** General Intelligence & Reasoning

തന്നിരിക്കുന്ന ശ്രേണി യുക്തിപരമായി പൂർത്തിയാക്കാൻ, ചോദ്യചിഹ്നത്തിന് (?) പകരം വരേണ്ടത് ഏത് അക്ഷര-സംഖ്യാ കൂട്ടമാണ്?

WOG 147, BKB 163, GGW 179, LCR 195, QYM 211, ?

- A. VUH 227 ✓
- B. WVG 225
- C. UTF 227
- D. VWG 225

**Q91** General Intelligence & Reasoning

തന്നിരിക്കുന്ന രണ്ട് ജോഡികളുടെ അതേ പാറ്റേൺ പിന്തുടരുന്ന ജോഡി തെരഞ്ഞെടുക്കുക. രണ്ട് ജോഡികളും ഒരേ പാറ്റേൺ പിന്തുടരുന്നു.
LIF : HEB
WUH : SQD

- A. KOT : GKQ
- B. TQV : PMR ✓
- C. HRP : DOL
- D. JLG : EGC

**Q92** General Intelligence & Reasoning

ഇംഗ്ലീഷ് അക്ഷരമാലാക്രമം അടിസ്ഥാനമാക്കി നൽകിയിരിക്കുന്ന ശ്രേണിയിൽ ? എന്നതിന് പകരം വരേണ്ടത് എന്ത്?

EKP GMR IOT KQV ?

- A. MRX
- B. MSY
- C. MRY
- D. MSX ✓

**Q93** General Intelligence & Reasoning

തന്നിരിക്കുന്ന അക്ഷര, ചിഹ്ന ശ്രേണി പരിശോധിച്ച് തുടർന്നുള്ള ചോദ്യത്തിന് ഉത്തരം നൽകുക.

(ഇടത്) M K * J & H ^ G % F $ D # S @ S ! Z + ? N (വലത്)

എല്ലാ അക്ഷരങ്ങളും ശ്രേണിയിൽ നിന്ന് ഒഴിവാക്കിയാൽ, തന്നിരിക്കുന്നവയിൽ വലതുവശത്ത് നിന്ന് ഒമ്പതാമത്തേത് ഏത്?

- A. #
- B. @
- C. & ✓
- D. %

Blackbook Vocabulary — Now in the App! ▶ Download Now on Google Play

**Q94** General Intelligence & Reasoning

ഒരു ചോദ്യത്തെ തുടർന്ന് (I), (II) എന്നിങ്ങനെ അക്കമിട്ട രണ്ട് പ്രസ്താവനകൾ നൽകിയിരിക്കുന്നു. പ്രസ്താവനകളിൽ നൽകിയിരിക്കുന്ന ഡാറ്റ ചോദ്യത്തിന് ഉത്തരം നൽകാൻ പര്യാപ്തമാണോ എന്ന് നിങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. രണ്ട് പ്രസ്താവനകളും വായിച്ച് ഉചിതമായ ഉത്തരം തിരഞ്ഞെടുക്കുക.

ചോദ്യം:
F, I, S, C, L എന്നീ വ്യത്യസ്ത ഉയരമുള്ള 5 പോളുകളിൽ, ഏറ്റവും ചെറുത് ഏതാണ്?

പ്രസ്താവനകൾ:
(I) S രണ്ട് പോളുകളെക്കാൾ മാത്രം ഉയരമുള്ളതാണ്. F എന്നത് S-നേക്കാൾ ചെറുതാണ്, I എന്നത് F-നേക്കാൾ ചെറുതാണ്.
(II) C എന്നത് L-നേക്കാൾ ഉയരമുള്ളതാണ്.

- **A.** ചോദ്യത്തിന് ഉത്തരം നൽകാൻ പ്രസ്താവന I-ലെ ഡാറ്റ മാത്രം പര്യാപ്തമാണ്, എന്നാൽ പ്രസ്താവന II-ലെ ഡാറ്റ പര്യാപ്തമല്ല ✓
- **B.** ചോദ്യത്തിന് ഉത്തരം നൽകാൻ പ്രസ്താവനകൾ I, II എന്നിവ രണ്ടും ഒരുമിച്ച് പര്യാപ്തമാണ്. (പ്രസ്താവന I മാത്രമോ പ്രസ്താവന II മാത്രമോ അല്ല).
- **C.** ചോദ്യത്തിന് ഉത്തരം നൽകാൻ പ്രസ്താവന II-ലെ ഡാറ്റ മാത്രം പര്യാപ്തമാണ്, എന്നാൽ പ്രസ്താവന I-ലെ ഡാറ്റ പര്യാപ്തമല്ല
- **D.** I, II എന്നീ രണ്ട് പ്രസ്താവനകൾ ഒരുമിച്ച് ചോദ്യത്തിന് ഉത്തരം നൽകാൻ പര്യാപ്തമല്ല

**Q95** General Intelligence & Reasoning

A, B, C, D, E, F, G എന്നിവർ വൃത്താകൃതിയിലുള്ള മേശക്ക് ചുറ്റും മധ്യഭാഗത്തേക്ക് അഭിമുഖമായി ഇരിക്കുന്നു. A-യുടെ ഇടത് രണ്ടാമതായി G ഇരിക്കുന്നു. F-ന്റെ ഇടത് മൂന്നാമതായി A ഇരിക്കുന്നു. E-യുടെ തൊട്ടു വലതുവശത്താണ് G ഇരിക്കുന്നത്. D-യുടെ തൊട്ടു ഇടതുവശത്താണ് B ഇരിക്കുന്നത്. E-യെ അപേക്ഷിച്ച് F-ന്റെ സ്ഥാനം ഏത്?

- **A.** തൊട്ട് ഇടത്ത് ✓
- **B.** ഇടത് നിന്ന് രണ്ടാമത്
- **C.** വലത് നിന്ന് രണ്ടാമത്
- **D.** തൊട്ട് വലത്ത്

**Q96** General Intelligence & Reasoning

'P' എന്നാൽ '×' എന്നും, 'Q' എന്നാൽ '÷' എന്നും, 'R' എന്നാൽ '−' എന്നും, 'S' എന്നാൽ '+' എന്നും ആണെങ്കിൽ, തന്നിരിക്കുന്ന സമവാക്യത്തിൽ ചോദ്യചിഹ്നത്തിന്റെ (?) സ്ഥാനത്ത് വരുന്നത് എന്ത്?
12 P 9 S (98 Q 7) P 3 R 25 = ?

- **A.** 125 ✓
- **B.** 198
- **C.** 142
- **D.** 133

**Q97** General Intelligence & Reasoning

രണ്ട് സംഖ്യാ ഗണങ്ങൾ താഴെ തന്നിരിക്കുന്നു. ഓരോ സംഖ്യാഗണത്തിലും, ഒന്നാമത്തെ സംഖ്യയിൽ ചില ഗണിത ക്രിയകൾ ചെയ്യുക വഴിയാണ് രണ്ടാമത്തെ സംഖ്യ ലഭിച്ചിരിക്കുന്നത്. അതുപോലെ രണ്ടാമത്തെ സംഖ്യയിൽ ചില ഗണിത ക്രിയകൾ ചെയ്യുക വഴിയാണ് മൂന്നാമത്തെ സംഖ്യ ലഭിച്ചിരിക്കുന്നത്. തന്നിരിക്കുന്ന ഗണങ്ങളിലെ അതേ രൂപത്തിൽ ഗണിത ക്രിയകൾ പിന്തുടരുന്ന ഓപ്ഷൻ ഏത്?

(ശ്രദ്ധിക്കുക: സംഖ്യകളെ അവയുടെ ഘടക അക്കങ്ങളായി വിഭജിക്കാതെ പൂർണ്ണ സംഖ്യകളിൽ ക്രിയകൾ നടത്തണം. ഉദാ. 13 – 13-ന് മേൽ ചെയ്യുന്ന കൂട്ടൽ /കുറക്കൽ/ഗുണിക്കൽ തുടങ്ങിയ ക്രിയകൾ 13-ൽ നടത്താം. 13-നെ 1, 3 എന്നിങ്ങനെ ഘടക അക്കങ്ങളായി വിഭജിച്ച് 1, 3 എന്നിവയിൽ ഗണിത ക്രിയകൾ നടത്തുന്നത് അനുവദനീയമല്ല.)
3 – 9 – 27 – 32 ;
4 – 16 – 48 – 53

- **A.** 8-64-128-150
- **B.** 7 -49-98-145
- **C.** 5 -25-75-80 ✓
- **D.** 6-36-72-80

Blackbook Vocabulary — Now in the App! ▶ Download Now on Google Play

**Q98** General Intelligence & Reasoning

A, B, C, D, E, F, G എന്നീ ഏഴ് പെട്ടികൾ ഒന്നിനു മുകളിൽ ഒന്നായി വെച്ചിരിക്കുന്നു, എന്നാൽ ഇതേ ക്രമത്തിൽ ആയിരിക്കണമെന്നില്ല. ഏറ്റവും താഴെ നിന്ന് മൂന്നാമതായാണ് G വെച്ചിരിക്കുന്നത്. G, C എന്നിവയ്ക്കിടയിൽ രണ്ട് പെട്ടികൾ മാത്രം വെച്ചിരിക്കുന്നു. B-ക്ക് താഴെ F മാത്രം വെച്ചിരിക്കുന്നു. A-ക്ക് തൊട്ട് താഴെയാണ് E വെച്ചിരിക്കുന്നത്. ഏത് പെട്ടിയാണ് ഏറ്റവും മുകളിൽ നിന്ന് നാലാമത്തേത്?

- A. F
- B. E ✓
- C. A
- D. B

**Q99** General Intelligence & Reasoning

ഇംഗ്ലീഷ് അക്ഷരമാലാ ക്രമത്തെ അടിസ്ഥാനമാക്കി, VZNT എന്നത് ഒരു പ്രത്യേക രീതിയിൽ UYMS എന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. അതേ രീതിയിൽ, RJKS എന്നത് QIJR എന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. അതേ യുക്തി പിന്തുടർന്നാൽ, നൽകിയിരിക്കുന്ന ഓപ്ഷനുകളിൽ AFLM ബന്ധപ്പെട്ടിരിക്കുന്നത് ഏത്?

- A. BGMN
- B. ZGML
- C. ZEKL ✓
- D. YDJK

**Q100** General Intelligence & Reasoning

FANTAIL എന്ന വാക്കിലെ ഓരോ സ്വരാക്ഷരവും ഇംഗ്ലീഷ് അക്ഷരമാലാക്രമത്തിൽ അതിനു തൊട്ട് ശേഷമുള്ള അക്ഷരത്തിലേക്കും, ഓരോ വ്യഞ്ജനാക്ഷരവും ഇംഗ്ലീഷ് അക്ഷരമാലക്രമത്തിൽ അതിന് തൊട്ട് മുമ്പുള്ള അക്ഷരത്തിലേക്കും മാറ്റുന്നു. അങ്ങനെ രൂപപ്പെടുന്ന അക്ഷരങ്ങളുടെ കൂട്ടത്തിൽ എത്ര അക്ഷരങ്ങൾ കൃത്യമായി രണ്ടുതവണ വരും?

- A. ഒന്ന് ✓
- B. മൂന്ന്
- C. പൂജ്യം
- D. രണ്ട്

**Q101** General Intelligence & Reasoning

ഒരു പ്രത്യേക കോഡ് ഭാഷയിൽ, 'CADS' എന്നത് '4689' എന്നും 'DASH' എന്നത് '6985' എന്നും കോഡ് ചെയ്യപ്പെട്ടിരിക്കുന്നു. നൽകിയിരിക്കുന്ന കോഡ് ഭാഷയിൽ 'H' എന്നതിന്റെ കോഡ് എന്താണ്?

- A. 5 ✓
- B. 9
- C. 8
- D. 6

**Q102** General Intelligence & Reasoning

സുമിത് പോയിന്റ് A-യിൽ നിന്ന് ആരംഭിച്ച് കിഴക്കോട്ട് 28 km ഡ്രൈവ് ചെയ്യുന്നു. പിന്നെ അയാൾ ഇടത്തോട്ട് തിരിഞ്ഞ് 25 km ഡ്രൈവ് ചെയ്ത് ഇടത്തോട്ട് തിരിഞ്ഞ് 29 km ഡ്രൈവ് ചെയ്യുന്നു. തുടർന്ന് അയാൾ ഇടത്തോട്ട് തിരിഞ്ഞ് 27 km ഡ്രൈവ് ചെയ്യുന്നു. അയാൾ അവസാനമായി ഇടത്തോട്ട് തിരിഞ്ഞ് 1 km ഡ്രൈവ് ചെയ്ത് പോയിന്റ് P-യിൽ നിർത്തുന്നു. പോയിന്റ് A-യിൽ വീണ്ടും എത്താൻ എത്ര ദൂരം (ഏറ്റവും കുറഞ്ഞ ദൂരം) ഏത് ദിശയിലേക്കാണ് അയാൾ ഡ്രൈവ് ചെയ്യേണ്ടത്?(വ്യക്തമാക്കിയിട്ടില്ലെങ്കിൽ എല്ലാ തിരിവുകളും 90 ഡിഗ്രി തിരിവുകളാണ്.)

- A. 2 km വടക്കോട്ട് ✓
- B. 4 km തെക്കോട്ട്
- C. 3 km കിഴക്കോട്ട്
- D. 1 km പടിഞ്ഞാറോട്ട്

**Q103** General Intelligence & Reasoning

6 എന്നത് ഒരു പ്രത്യേക യുക്തി പിന്തുടർന്ന് 32-മായി ബന്ധപ്പെട്ടിരിക്കുന്നു. അതേ യുക്തി പിന്തുടർന്ന് 2 എന്നത് 12-മായി ബന്ധപ്പെട്ടിരിക്കുന്നു. അതേ യുക്തി പിന്തുടർന്നാൽ, 9 എന്നത് ബന്ധപ്പെട്ടിരിക്കുന്നത് ഏത്? (ശ്രദ്ധിക്കുക: സംഖ്യകളെ അവയുടെ ഘടക അക്കങ്ങളായി വിഭജിക്കാതെ പൂർണ സംഖ്യകളിൽ ക്രിയകൾ നടത്തണം. ഉദാ. 13 – 13-ന് മേൽ ചെയ്യുന്ന കൂട്ടൽ /കുറക്കൽ/ഗുണിക്കൽ തുടങ്ങിയ ക്രിയകൾ 13-ൽ നടത്താം. 13-നെ 1, 3 എന്നിങ്ങനെ ഘടക അക്കങ്ങളായി വിഭജിച്ച് 1, 3 എന്നിവയിൽ ഗണിത ക്രിയകൾ നടത്തുന്നത് അനുവദനീയമല്ല.)

- A. 45
- B. 52
- C. 47 ✓
- D. 49

Blackbook Vocabulary — Now in the App! ▶ Download Now on Google Play

**Q104** General Intelligence & Reasoning

തന്നിരിക്കുന്ന ശ്രേണിയിലെ ചോദ്യചിഹ്നത്തിന് (?) പകരം വരേണ്ടത് എന്താണ്?

25 44 39 58 53 ?

A. 77

B. 58

C. 82

D. 72 ✓

**Q105** General Intelligence & Reasoning

ലളിത് പോയിന്റ് A-യിൽ നിന്ന് ആരംഭിച്ച് വടക്കോട്ട് 75 km ഡ്രൈവ് ചെയ്യുന്നു. എന്നിട്ട് അയാൾ ഇടത്തോട്ട് തിരിഞ്ഞ് 80 km ഡ്രൈവ് ചെയ്ത് വീണ്ടും ഇടത്തോട്ട് തിരിഞ്ഞ് 85 km ഡ്രൈവ് ചെയ്യുന്നു. തുടർന്ന് അയാൾ ഇടത്തോട്ട് തിരിഞ്ഞ് 89 km ഡ്രൈവ് ചെയ്യുന്നു. ശേഷം അയാൾ അവസാനമായി ഇടത്തോട്ട് തിരിഞ്ഞ് 10 km ഡ്രൈവ് ചെയ്ത് പോയിന്റ് P-യിൽ നിർത്തുന്നു. പോയിന്റ് A-യിൽ വീണ്ടും എത്താൻ എത്ര ദൂരം (ഏറ്റവും കുറഞ്ഞ ദൂരം) ഏത് ദിശയിലേക്കാണ് അയാൾ ഡ്രൈവ് ചെയ്യേണ്ടത്?
(വ്യക്തമാക്കിയിട്ടില്ലെങ്കിൽ എല്ലാ തിരിവുകളും 90 ഡിഗ്രി തിരിവുകളാണ്.)

A. 9 km പടിഞ്ഞാറോട്ട് ✓

B. 10 km പടിഞ്ഞാറോട്ട്

C. 11 km കിഴക്കോട്ട്

D. 8 km പടിഞ്ഞാറോട്ട്

**Q106** General Intelligence & Reasoning

തന്നിരിക്കുന്ന നാല് അക്ഷരക്കൂട്ട ജോഡികളിൽ മൂന്നെണ്ണം ഇംഗ്ലീഷ് അക്ഷരമാലാക്രമമനുസരിച്ച് ഒരു പ്രത്യേക രീതിയിൽ സമാനമാണ്, സമാനമായവ ഒരു ഗ്രൂപ്പ് രൂപപ്പെടുത്തുന്നു, ആ ഗ്രൂപ്പിൽ ഉൾപ്പെടാത്തത് ഏത്?
(ശ്രദ്ധിക്കുക: ഗ്രൂപ്പിൽ ഉൾപ്പെടാത്തത് വ്യഞ്ജനാക്ഷരങ്ങളുടെ/സ്വരാക്ഷരങ്ങളുടെ എണ്ണത്തെയോ അക്ഷരക്കൂട്ടത്തിലെ അവയുടെ സ്ഥാനത്തെയോ അടിസ്ഥാനമാക്കിയല്ല.)

A. MI - OL

B. SX - UA

C. JP - LS

D. TC - VE ✓

**Q107** General Intelligence & Reasoning

ഒരു പ്രത്യേക കോഡ് ഭാഷയിൽ, 'AIDS' എന്നത് '7192' എന്നും 'DASH' എന്നത് '9215' എന്നും കോഡ് ചെയ്തിരിക്കുന്നു. നൽകിയിരിക്കുന്ന കോഡ് ഭാഷയിൽ 'H' എന്നതിന്റെ കോഡ് എന്താണ്?

A. 5 ✓

B. 2

C. 1

D. 9

**Q108** General Intelligence & Reasoning

L, M, N, D, E, F, G എന്നീ ഏഴ് പെട്ടികൾ ഒന്നിന് മുകളിൽ ഒന്നായി വെച്ചിരിക്കുന്നു. എന്നാൽ ഇതേ ക്രമത്തിൽ ആയിരക്കണമെന്നില്ല. F-ന് താഴെ രണ്ട് പെട്ടികൾ മാത്രം വെച്ചിരിക്കുന്നു. ഏറ്റവും മുകളിൽ നിന്ന് മൂന്നാമതായി M വെച്ചിരിക്കുന്നു. L-ന് തൊട്ട് മുകളിൽ D വെച്ചിരിക്കുന്നു. N-ന് താഴെ ഒരിടത്തും എന്നാൽ G-ക്ക് മുകളിൽ ഒരിടത്തുമായി E വെച്ചിരിക്കുന്നു. M-ന് തൊട്ട് മുകളിൽ L വെച്ചിരിക്കുന്നു. ഏറ്റവും താഴെ നിന്ന് രണ്ടാമതായി വെച്ചിരിക്കുന്ന പെട്ടി ഏതാണ്?

A. G

B. D

C. E ✓

D. N

**Q109** General Intelligence & Reasoning

ഒരു പ്രത്യേക കോഡ് ഭാഷയിൽ, 'CROW' എന്നത് '9863' എന്നും 'WORK' എന്നത് '3289' എന്നും കോഡ് ചെയ്യപ്പെട്ടിരിക്കുന്നു. നൽകിയിരിക്കുന്ന കോഡ് ഭാഷയിൽ 'K' എന്നതിന്റെ കോഡ് എന്താണ്?

A. 9

B. 2 ✓

C. 3

D. 8

Blackbook Vocabulary — Now in the App! ▶ Download Now on Google Play

**Q110** General Intelligence & Reasoning

ഇംഗ്ലീഷ് അക്ഷരമാലാക്രമത്തെ അടിസ്ഥാനമാക്കി നൽകിയിരിക്കുന്ന ശ്രേണിയിൽ ? എന്നതിന് പകരം വരേണ്ടത് എന്താണ്?

XGO FOW NWE VEM ?

A. DUM

B. DNI

C. DMU ✓

D. DMY

**Q111** General Intelligence & Reasoning

A, B, C, D, E, F, G എന്നീ ഏഴ് പേർ വടക്കോട്ട് അഭിമുഖമായി ഒരു നേർരേഖയിൽ ഇരിക്കുന്നു. C-യുടെ ഇടത് രണ്ട് പേർ മാത്രം ഇരിക്കുന്നു. F, E എന്നിവർക്കിടയിൽ നാല് പേർ മാത്രം ഇരിക്കുന്നു. C-യുടെ വലത് രണ്ടാമതായി B ഇരിക്കുന്നു. A-യുടെ തൊട്ട് അടുത്തല്ല B. C-യുടെ തൊട്ട് വലത് D ഇരിക്കുന്നു. A-യുടെ തൊട്ട് വലത് F ഇരിക്കുന്നു. A, D എന്നിവർക്കിടയിൽ എത്ര പേർ ഇരിക്കുന്നു?

A. ആരുമില്ല

B. മൂന്ന്

C. രണ്ട് ✓

D. ഒന്ന്

**Q112** General Intelligence & Reasoning

തന്നിരിക്കുന്ന ശ്രേണിയിൽ ചോദ്യചിഹ്നത്തിന് (?) പകരം വരേണ്ടത് എന്ത്?

12 13 15 19 27 ?

A. 44

B. 42

C. 45

D. 43 ✓

**Q113** General Intelligence & Reasoning

ഒരു പ്രത്യേക കോഡ് ഭാഷയിൽ,

'A + B' എന്നാൽ 'B-യുടെ അമ്മയാണ് A' എന്നും,
'A – B' എന്നാൽ 'B-യുടെ സഹോദരനാണ് A' എന്നും,
'A x B' എന്നാൽ 'B- യുടെ ഭാര്യയാണ് A' എന്നും,
'A ÷ B' എന്നാൽ 'B- യുടെ അച്ഛനാണ് A' എന്നുമാണർത്ഥം

'A ÷ B – C x D' ആണെങ്കിൽ, A എങ്ങനെ D-യുമായി ബന്ധപ്പെട്ടിരിക്കുന്നു?

A. സഹോദരൻ

B. ഭാര്യയുടെ അമ്മ

C. ഭാര്യയുടെ അച്ഛൻ ✓

D. അമ്മയുടെ സഹോദരൻ

**Q114** General Intelligence & Reasoning

'I' എന്നാൽ '+' എന്നും, 'J' എന്നാൽ '×' എന്നും, 'K' എന്നാൽ '÷' എന്നും, 'L' എന്നാൽ '–' എന്നും ആണെങ്കിൽ, തന്നിരിക്കുന്ന സമവാക്യത്തിൽ ചോദ്യചിഹ്നത്തിന്റെ (?) സ്ഥാനത്ത് വരുന്നത് എന്ത്?

198 L 89 I (72 K 2) L 3 J 4 = ?

A. 129

B. 142

C. 133 ✓

D. 130

Blackbook Vocabulary — Now in the App! ▶ Download Now on Google Play

**Q115** General Intelligence & Reasoning

ഒരു ചോദ്യത്തെ തുടർന്ന് (I), (II) എന്നിങ്ങനെ അക്കമിട്ട രണ്ട് പ്രസ്താവനകൾ നൽകിയിരിക്കുന്നു. പ്രസ്താവനകളിൽ നൽകിയിരിക്കുന്ന ഡാറ്റ ചോദ്യത്തിന് ഉത്തരം നൽകാൻ പര്യാപ്തമാണോ എന്ന് നിങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. രണ്ട് പ്രസ്താവനകളും വായിച്ച് ഉചിതമായ ഉത്തരം തീരുമാനിക്കുക.

Q.ചോദ്യം: E, J, N, C, K എന്നീ 5 കാലുകളിൽ ഓരോന്നിനും വ്യത്യസ്ത ഉയരമുണ്ട്. ഏത് കാലാണ് ഏറ്റവും ചെറുത്?
പ്രസ്താവന: (I) C-യെക്കാൾ വലുതാണ് K.
പ്രസ്താവന: (II) ഒരു കാല് മാത്രമാണ് E-യെക്കാൾ ചെറുത്. E എന്നത് C-യെക്കാൾ ചെറുതാണ്, എന്നാൽ J-യെക്കാൾ വലുതാണ്.

A. ചോദ്യത്തിന് ഉത്തരം നൽകാൻ I, II എന്നീ രണ്ടു പ്രസ്താവനകളും ഒരുമിച്ച് പര്യാപ്തമല്ല.

B. ചോദ്യത്തിന് ഉത്തരം നൽകാൻ പ്രസ്താവനകൾ I, II എന്നിവയിലെ ഡാറ്റ രണ്ടും ഒരുമിച്ച് പര്യാപ്തമാണ് (പ്രസ്താവന I മാത്രം അല്ലെങ്കിൽ പ്രസ്താവന II മാത്രം പര്യാപ്തമല്ല).

C. പ്രസ്താവന II-ലെ ഡാറ്റ മാത്രം ചോദ്യത്തിന് ഉത്തരം നൽകാൻ പര്യാപ്തമാണ്, എന്നൽ പ്രസ്താവന I-ലെ ഡാറ്റ പര്യാപ്തമല്ല. ✓

D. പ്രസ്താവന I-ലെ ഡാറ്റ മാത്രം ചോദ്യത്തിന് ഉത്തരം നൽകാൻ പര്യാപ്തമാണ്. എന്നാൽ പ്രസ്താവന II-ലെ ഡാറ്റ മാത്രം പര്യാപ്തമല്ല.

**Q116** General Intelligence & Reasoning

തന്നിരിക്കുന്ന ശ്രേണിയിലെ ചോദ്യചി ഹ്നത്തിന് (?) പകരം വരേണ്ടത് എന്താണ്?
74 75 67 94 30 ?

A. 264

B. 246

C. 165

D. 155 ✓

**Q117** General Intelligence & Reasoning

തന്നിരിക്കുന്ന സംഖ്യാ, ചിഹ്ന ശ്രേണി പരിശോധിച്ച് ചോദ്യത്തിന് ഉത്തരം നൽകുക. ഇടത്തുനിന്ന് വലത്തോട്ട് മാത്രം എണ്ണുക. എല്ലാ സംഖ്യകളും ഒറ്റ അക്ക സംഖ്യകളാണ്.
(ഇടത്) * £ 8 € @ 1 8 8 © & 1 1 1 7 * 4 7 2 8 $ 8 & (വലത്)
തൊട്ടുമുമ്പ് ഒരു സംഖ്യയും തൊട്ടുശേഷം മറ്റൊരു സംഖ്യയും വരുന്ന ചിഹ്നങ്ങൾ എത്ര?

A. 4

B. 2 ✓

C. 3

D. 1

**Q118** General Intelligence & Reasoning

IGNITION എന്ന വാക്കിലെ ഓരോ സ്വരാക്ഷരവും ഇംഗ്ലീഷ് അക്ഷരമാലാക്രമത്തിൽ അതിന് തൊട്ട് മുമ്പുള്ള അക്ഷരത്തിലേക്കും ഓരോ വ്യഞ്ജനാക്ഷരവും ഇംഗ്ലീഷ് അക്ഷരമാലക്രമത്തിൽ അതിനു തൊട്ട് ശേഷമുള്ള അക്ഷരത്തിലേക്കും മാറ്റുന്നു. ഇങ്ങനെ രൂപപ്പെടുന്ന അക്ഷരക്കൂട്ടത്തിൽ രണ്ടിലധികം തവണ വരുന്ന അക്ഷരം ഏത്?

A. H ✓

B. U

C. O

D. Z

**Q119** General Intelligence & Reasoning

ഒരു പ്രത്യേക കോഡ് ഭാഷയിൽ, 'CROW' എന്നത് '7513' എന്നും 'WORM' എന്നത് '7613' എന്നും കോഡ് ചെയ്യപ്പെട്ടിരിക്കുന്നു. നൽകിയിരിക്കുന്ന കോഡ് ഭാഷയിൽ 'M' എന്നതിന്റെ കോഡ് എന്താണ്?

A. 7

B. 1

C. 6 ✓

D. 3

Blackbook Vocabulary — Now in the App! ► Download Now on Google Play

**Q120** General Intelligence & Reasoning

ഒരു പ്രത്യേക കോഡ് ഭാഷയിൽ, 'PACE' എന്നത് '8471' എന്നും 'CAMP' എന്നത് '7412' എന്നും കോഡ് ചെയ്യപ്പെട്ടിരിക്കുന്നു. നൽകിയിരിക്കുന്ന കോഡ് ഭാഷയിൽ 'M' എന്നതിന്റെ കോഡ് എന്താണ്?

A. 4

B. 7

C. 2 ✓

D. 1

Blackbook Vocabulary — Now in the App! ► Download Now on Google Play

generated by rank.qmaths.in